## പഴമ്പാലക്കോട് പ്രാഥമികാരോഗ്യ കേന്ദ്രം

1092 [1740] ശ്രീ എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴമ്പാലക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിനുവേണ്ടി 1978-ൽ ഒന്നര ലക്ഷം രൂപ ചെലവാക്കി പണികഴിപ്പിച്ച 12 കിടക്കകളോടുകൂടിയ വാർഡ് അത്യാവശ്യമായ അറ്റകുറ്റപണികൾ നടത്താത്തതുമൂലം ഉപയോഗശൂന്യമായി കിടക്കുകയാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വാർഡ് കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ നടത്തി ഉപയോഗപ്രദമാക്കാൻ ഇതിനകം വല്ല നടപടിയും സ്വീകരിച്ചോ;

(സി) എങ്കിൽ എന്തൊക്കെ പരിപാടികൾ എന്നു വ്യക്തമാക്കുമോ;

(ഡി) ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ മരുന്നുകൾ ഇല്ലാത്തതുമൂലം ഈ പ്രദേശത്തെ രോഗികൾ 15 കിലോമീറ്റർ അകലെയുള്ള പഴയന്നൂർ (തൃശ്ശൂർ ജില്ല) ആശുപത്രിയെ ആശ്രയിക്കേണ്ടിവരുന്ന ദുസ്ഥിതിക്ക് അടിയന്തിരമായും പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇല്ല. വാർഡിൽ ഇപ്പോഴും രോഗികളെ കിടത്തി ചികിൽസ നടത്തുന്നുണ്ട്.

(ബി) ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്താൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി, ഡി) സാധാരണ ഒരു പ്രാഥമികാരോഗ്യ കേന്ദ്രത്തിന് 15,000 രൂപയ്ക്കുള്ള മരുന്നു മാത്രമാണ് ഒരു വർഷത്തേക്ക് നൽകുന്നത്. എന്നാൽ ഈ കേന്ദ്രത്തിലേക്ക് ഇക്കൊല്ലം 35,000 രൂപയുടെ മരുന്നുകൾ നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

## തിരുവനന്തപുരം നഗരശുചീകരണം

1093 [1741] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷന്റെ അതിർത്തിയിൽപ്പെട്ട പ്രദേശങ്ങളിലെ ശുചീകരണപ്രവർത്തനം അടുത്തകാലത്തായി മന്ദീഭവിച്ചിരിക്കുകയാണെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) നഗരത്തിലെ പല ഭാഗങ്ങളിലും സ്ഥാപിച്ചിട്ടുള്ള 'ഡസ്റ്റ്ബിൻ' ഇപ്പോൾ കാണാനില്ല എന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ആവശ്യമുള്ള സ്ഥലങ്ങളിൽ മലിനപദാർത്ഥങ്ങൾ നിക്ഷേപിക്കാൻ വേണ്ടത്ര ഡസ്റ്റ്ബിൻ സ്ഥാപിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly